ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കരാറുകാർ ഉൾപ്പെടെ വില്പന നികുതി നിയമത്തിൻകീഴിൽ വരുന്ന എല്ലാ വിഭാഗങ്ങളും തങ്ങളുടെ വാർഷിക ടേൺ ഓവർ 1,00,000 രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ രജിസ്ട്രേഷൻ എടുക്കണമെന്നുള്ള നിയമം പുതിയതായി കൊണ്ടുവന്നതല്ല. നേരത്തെതന്നെ ഉള്ളതാണ്. രജിസ്ട്രേഷൻ എടുക്കുവാൻ വൈകുന്നവർ അതിനു പിഴകൂടി അടയ്ക്കേണ്ടതുണ്ട്. എന്നാൽ അനേകം കരാറുകാർ നിയമപ്രകാരം രജിസ്ട്രേഷൻ എടുക്കാതെ ഉണ്ടെന്ന് കണ്ടെത്തി അവരെ രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുകയാണ്. ഈ സാഹചര്യത്തിൽ അപ്രകാരം രജിസ്ട്രേഷൻ എടുക്കാത്ത കരാറുകാർക്ക് അതിനു ഒരു അവസരംകൂടി നൽകുന്നതിനുവേണ്ടി 31.12.1999-നകം രജിസ്റ്റർ ചെയ്യുന്ന കരാറുകാരെ 1998-99 വരെയുള്ള രജിസ്ട്രേഷൻ ഫീസിൽനിന്നും നികുതിയിന്മേലുള്ള പലിശയിൽനിന്നും പിഴയിൽ നിന്നും ഒഴിവാക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥ ധനകാര്യബില്ലിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഇതു കരാറുകാർക്ക് വളരെ അനുകൂലമായ നടപടിയാണ്. രജിസ്ട്രേഷൻ സംവിധാനത്തിൽ ഇന്ന് അവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി ലഘൂകരിക്കുവാനുള്ള സംവിധാനങ്ങൾ എടുത്തിട്ടുണ്ട്. ഈ പ്രശ്നത്തിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(7) കേന്ദ്ര ഗവൺമെന്റ് ശുപാർശ ചെയ്തിട്ടുള്ള പുതിയ തൊഴിൽ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്

ശ്രീമതി എൻ.കെ. രാധ : സർ, ഒരു പ്രധാനപ്പെട്ട വിഷയമാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. സ്വയംതൊഴിൽ പദ്ധതികളിൽ വലിയ മാറ്റമാണ് കേന്ദ്ര സർക്കാർ വരുത്തിയിട്ടുള്ളത്. ഉദ്യോഗസ്ഥന്മാർക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന ഒരു മാർഗ്ഗനിർദ്ദേശമാണ് താഴേയ്ക്ക് നൽകിയിട്ടുള്ളത്. ഡി.ആർ.ഡി.എ. വലിയ പ്രാമുഖ്യം നൽകുന്ന മാർഗ്ഗനിർദ്ദേശമാണ്. സ്വർണ്ണ ജയന്തി, ഗ്രാമ റോസ്ഗാർ യോജന (എസ്.ജെ.ജി.ആർ.വൈ) ഇവിടെ അദ്ധ്യക്ഷനായി ഡി.ആർ.ഡി.എ.യുടെ പ്രോജക്ട് ഓഫീസറായിരിക്കും വരുക. പഞ്ചായത്ത്രാജിലൂടെ അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണത്തിലൂടെ ജനങ്ങളുടെ കൂട്ടായ്മയും ഒത്തുചേരുന്ന കേരളത്തിലെ അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്ക് തുരങ്കം വയ്ക്കുന്ന രീതിയിലാണ് കേന്ദ്ര സർക്കാർ ഇതുമൂലം ഇപ്പോൾ ഉണ്ടാക്കിയത്. കൂടാതെ നിർദ്ധനരായ ഗ്രാമീണ കുടുംബങ്ങളിലെ സ്ത്രീകൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകി അവരെ ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനു സഹായിക്കുന്ന ഈ പദ്ധതി നാട്ടിലെ തൊഴിൽരഹിതരായ യുവതികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകി തൊഴിൽ ലഭ്യമാക്കാനും വരുമാനം വർദ്ധിപ്പിക്കുവാനും ഉതകുന്നതരത്തിൽ അവർ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാനുമുള്ള അടിസ്ഥാനസൗകര്യങ്ങൾകൂടി കണ്ടെത്തി അവരെ സഹായിക്കുന്ന സ്ഥിതിയുണ്ടാക്കുവാൻ കഴിയണം. വീടുകളുടെ കാര്യത്തിലാണെങ്കിൽ, ഇവരെ ഗ്രാമ വികസന വകുപ്പ് സ്വീകരിച്ച രീതിയിൽനിന്നും വ്യത്യസ്തമായി ബാങ്ക് വായ്പയും സബ്സിഡിയും നൽകി വീടു നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇവയെല്ലാം കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിനു ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളെക്കൊണ്ടു ഏറ്റെടുപ്പിച്ച് നടത്തിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, ഗ്രാമവികസന വകുപ്പുവഴി നടപ്പാക്കിയിരിക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ കേന്ദ്രസർക്കാർ ഈ സാമ്പത്തികവർഷം മുതൽ പുനഃസംഘടിപ്പിക്കുന്നതിനും പുനർനാമകരണം ചെയ്യുന്നതിനും നിശ്ചയിച്ചിട്ടുണ്ട്. എല്ലാ ജില്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളും 75 ശതമാനം കേന്ദ്രവിഹിതവും 25 ശതമാനം സംസ്ഥാന വിഹിതവും എന്ന നിലയിൽ പുനഃസംഘടിപ്പിക്കുന്നുണ്ട്. കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പാക്കേണ്ടത് ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ കൂടിയാണ്. ഇത്തരത്തിൽ സംസ്ഥാനത്ത് കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുന്ന അവസരത്തിൽ സംയോജിത ഗ്രാമവികസന പരിപാടിയുടെ ഉപപദ്ധതികൾ സംയോജിപ്പിച്ചു കൊണ്ട് കൂടുതൽ പ്രയോജനം ചെയ്യുന്ന നിലയിലാണ് സംസ്ഥാന സർക്കാർ ഈ പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. സ്വയംതൊഴിൽ സംരംഭകരെ സഹായിക്കുവാനായി നടത്തിവരുന്ന സംയോജിത ഗ്രാമവികസന പദ്ധതി, ഐ.ആർ.ഡി.പി., അതിന്റെ ഉപപദ്ധതികളായ ട്രൈസം, വനിതാ ശിശു വികസന പരിപാടി, കൈത്തൊഴിൽ ഉപകരണ പരിപാടി, കൂടാതെ ഗംഗാ കല്യാൺ യോജന, ദശലക്ഷം കിണർ പദ്ധതി എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് ''സ്വർണ്ണ ജയന്തി ഗ്രാമ റോസ്ഗാർ യോജന'' എന്ന പേരിൽ സമഗ്രമായ സ്വയംതൊഴിൽ പദ്ധതി നടപ്പാക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. വനിതകളുടെ സ്വയംസഹായ സംഘങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് ഒരു ലക്ഷം പേർക്ക് സ്വയം തൊഴിൽ സഹായം എത്തിക്കുന്നതിനു ലക്ഷ്യമിടുന്നു. ഓരോ ബ്ലോക്കിലെയും തെരഞ്ഞെടുത്ത നാലോ അഞ്ചോ തൊഴിൽ മേഖലകൾ കേന്ദ്രീകരിച്ചായിരിക്കും ഈ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നത്. ഇവയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും വിപണന സൗകര്യവും സൃഷ്ടിക്കും. വനിതകളുടെ ഗ്രൂപ്പുകൾക്ക് 2,00,00,000 രൂപ റിവോൾവിംഗ് ഫണ്ടിനത്തിൽ വകയിരുത്തിയിട്ടുണ്ട്. ജവഹർതൊഴിൽപദ്ധതി പുനഃസംഘടിപ്പിച്ച് ''ജവഹർ ഗ്രാമ പദ്ധതി യോജന'' എന്നാക്കുകയും ഇതിനു മുഴുവൻ തുകയും ഈ വർഷം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുന്നതുമാണ്. ദുർബല ജന വിഭാഗങ്ങളിൽപെട്ടവർക്ക് വീടു നിർമ്മിക്കുന്നതിനു നടപ്പാക്കിവരുന്ന ''ഇന്ദിരാ ആവാസ് യോജന'' പദ്ധതിപ്രകാരം ലഭിക്കുന്ന ഫണ്ടിന്റെ 80 ശതമാനം പുതിയ വീടുകൾ നിർമ്മിക്കുന്നതിനും 20 ശതമാനം തുക വാസയോഗ്യമല്ലാത്ത വീടുകൾ പുതുക്കിപ്പണിയുന്നതിനുംവേണ്ടി വിനിയോഗിക്കുന്നതിനുമാണ് നിശ്ചയിച്ചിട്ടുള്ളത്. 20,000 പേർക്ക് പുതിയ വീടുകൾ നിർമ്മിച്ചു നൽകുവാൻ ഈ പദ്ധതിമൂലം സാധിക്കും. വാസയോഗ്യമല്ലാത്ത വീടുകളുടെ പുനർനിർമ്മാണത്തിനുള്ള പദ്ധതിപ്രകാരം 10,000 വീടുകൾ പുതുക്കി പണിയുന്നതിനു ലക്ഷ്യമിട്ടുകൊണ്ട് വായ്പയും സബ്സിഡിയും കൂടി നൽകുന്ന ഒരു പുതിയ പദ്ധതിക്ക് ഈ വർഷം രൂപം നൽകിയിട്ടുണ്ട്. സർ, ദാരിദ്ര്യരേഖയ്ക്ക് തൊട്ടുമുകളിൽ വരുന്നവർക്കും പ്രയോജനം ചെയ്യുന്ന ഈ പദ്ധതി പ്രകാരം ഈ വർഷം ആറായിരം വീടുകൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന നിലയിൽ തൊഴിലുറപ്പ് പദ്ധതിയും പുനഃസംഘടിപ്പിക്കാൻ കേന്ദ്രസർക്കാർ ആലോചിച്ചുവരുന്നു. കേന്ദ്ര ഗ്രാമീണ ശുചിത്വപരിപാടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ശുചിത്വ ആരോഗ്യ മിഷന്റെ മാതൃകയിൽ പുഃസംഘടിപ്പിക്കുന്നതിന് കേന്ദ്രവും നിശ്ചയിച്ചിരിക്കുന്നു. വ്യാപകമായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ വഴി ശുചിത്വ പ്രവർത്തങ്ങൾ പൂർത്തിയാക്കുന്നതിന് സജ്ജമാക്കുകയാണ് ലക്ഷ്യം. സംസ്ഥാനത്തെ 150 പഞ്ചായത്ത് മുനിസിപ്പൽ സ്ഥാപ

LIBRARY ARCHIVES Kerala Legislative Assembly

നങ്ങളിൽ ഈ വർഷം സമഗ്ര ശുചിത്വ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ഇതിനുപുറമെ 'നബാർഡിന്റെ' സഹായത്തോടെ നടപ്പാക്കുന്ന റോഡു വികസന പദ്ധതി ഈ വർഷവും തുടരുന്നതും ബ്ലോക്കുകളുടെ വായ്പാ പദ്ധതി 50 ലക്ഷത്തിൽനിന്നും ഒരു കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുമുണ്ട്. പുനഃസംഘടിപ്പിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ അവ പ്രാദേശിക പദ്ധതികളുമായി സംയോജിപ്പിച്ച് ത്രിതല ഭരണ സംവിധാനംവഴി നടപ്പാക്കുന്നതിനാണ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്.

(8) അതിർത്തി പ്രദേശങ്ങളിൽ തമിഴ്-കന്നഡ മീഡിയം സ്കൂളുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇ.എം. അഗസ്തി : സർ, നമ്മുടെ സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ അധിവസിക്കുന്ന ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ വളരെ കുറവാണ്. എന്റെ നിയോജകമണ്ഡലം ഉൾക്കൊള്ളുന്ന ഇടുക്കിജില്ല, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിയോജകമണ്ഡലം ഉൾക്കൊള്ളുന്ന പീരുമേട്, ഉടുമ്പൻചോല, ശ്രീ. എ.കെ. മണിയുടെ നിയോജകമണ്ഡലം ഉൾക്കൊള്ളുന്ന ദേവികുളം എന്നിവിടങ്ങളിലൊന്നും ഭാഷാ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസത്തിനാവശ്യമായ സ്കൂളുകളില്ല. തമിഴ്മീഡിയം സ്കൂളുകളില്ല. ഹൈസ്ക്കൂൾ ക്ലാസ്സുകൾക്കുള്ള ഒരു സ്കൂളുള്ളത് മൂന്നാറിലാണ്. മൂന്നാർ കഴിഞ്ഞാൽ മറ്റൊരു സ്കൂളുള്ളത് 100 കിലോമീറ്റർ അകലെയുള്ള ചക്കുളത്താണ്. അങ്ങനെ വരുമ്പോൾ മേൽപ്പറഞ്ഞ വിഭാഗം കുട്ടികളെ 8-ാം ക്ലാസ്സുള്ള സ്കൂളുകളിൽ അയയ്ക്കണമെങ്കിൽ തമിഴ് നാട്ടിലേയ്ക്ക് അയയ്ക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. ഇതേ സ്ഥിതി വിശേഷം തന്നെ കർണ്ണാടക ന്യൂനപക്ഷം അധിവസിക്കുന്ന കാസർഗോഡ് പ്രദേശങ്ങളിലുമുള്ളത് എന്നാണ് അറിയാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള നിയമസഭയുടെ ലിംഗ്വിസ്റ്റിക് മൈനോറിറ്റി കമ്മിറ്റിയിൽ അങ്ങും എക്സ് ഒഫിഷ്യോ മെമ്പറാണ്. ആ കമ്മിറ്റി നിരവധി പ്രാവശ്യം തീരുമാനങ്ങൾ എടുക്കുകയും ഗവൺമെന്റ് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ ആ കമ്മിറ്റി ശുപാർശ ചെയ്തിട്ടും ഈ കാര്യത്തിൽ ഒരു നടപടിയുമുണ്ടായിട്ടില്ല. അതു നമ്മുടെ ഭാഷാന്യൂനപക്ഷങ്ങളോട് കാണിക്കുന്ന തികഞ്ഞ അവഗണനയാണ്. ഞാൻ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നില്ല. എങ്കിലും അത് നമ്മൾ കാണിക്കുന്ന ഒരു അവഗണനയാണ്. അതു പരിഹരിക്കുന്ന കാര്യത്തിൽ അവർക്ക് സംരക്ഷണവും സാമാന്യനീതിയും ഉറപ്പുവരുത്തുന്ന കാര്യത്തിൽ ഗവൺമെന്റ് പ്രത്യേക താൽപ്പര്യമെടുക്കണമെന്ന് അപേക്ഷിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പാലക്കാട്, ഇടുക്കി, കാസർഗോഡ് എന്നീ മൂന്നു ജില്ലകളിലാണ് ഭാഷാ ന്യൂനപക്ഷങ്ങൾ ഉള്ളത്. ഇവർക്കുവേണ്ടി .....

ശ്രീ. എ.കെ. മണി : തിരുവനന്തപുരത്തുമുണ്ട്.

ശ്രീ. പി.ജെ. ജോസഫ് : ഭാഷാ ന്യൂനപക്ഷങ്ങൾ അവിടെയും ഉണ്ടാകാം. പക്ഷെ കൂടുതലായിട്ടുള്ളത് ഈ മൂന്നു ജില്ലകളിലാണ്.

മി. സ്പീക്കർ : തിരുവനന്തപുരത്ത് ഒരു തമിഴ് സ്കൂളുണ്ട്.

ശ്രീ. പി.ജെ. ജോസഫ് : ഈ പ്രദേശങ്ങളിൽ കൂടുതൽ സ്കൂളുകൾ വേണമെന്നുള്ള ആവശ്യമാണ് ഉന്നയിച്ചിരിക്കുന്നത്. മൂന്നു ജില്ലകളിലും ഡി.

LIBRARY ARCHIVES Kerala Legislative Assembly